9.30 AM.]

## II. ചരമോപചാരം

### ഡോ. എ. വി. ഐസക്കിന്റെ നിര്യാണം

മി. സ്പീക്കർ: മുൻ നിയമസഭാംഗം ഡോ. എ. വി. ഐസക്, 2018 മേയ് 27-ാം തീയതി നിര്യാതനായി. കോലഞ്ചേരി എളൂർ-കൊഴുമറ്റത്തിൽ എ. വി. ഐസക്, വർക്കിയുടെ മകനായി 1924 ജൂൺ 25-ന് ജനിച്ചു.

യു. സി. കോളേജ് ആലുവ, മദ്രാസ് ക്രിസ്ത്യൻ കോളേജ്, കസ്തൂർബ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ നിന്നും പഠനം പൂർത്തിയാക്കിയശേഷം അദ്ദേഹം അറക്കുളം, പിറവം, കുത്താട്ടുകുളം, എറണാകുളം, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ സർക്കാർ സർവ്വീസിലും മൂവാറ്റുപുഴയിലെ ഒരു സ്വകാര്യ ആശുപത്രിയിലും ദീർഘകാലം ഡോക്ടറായി സേവനമനുഷ്ഠിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിലൂടെ പൊതുപ്രവർത്തനം ആരംഭിച്ച അദ്ദേഹം കുന്നത്തുനാട് മണ്ഡലം പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്. തുടർന്ന്, 1987-ൽ സി.പി.ഐ. പിന്തുണയുള്ള സ്വതന്ത്രനായി മൂവാറ്റുപുഴ മണ്ഡലത്തിൽ നിന്നും എട്ടാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. മൂവാറ്റുപുഴ റോട്ടറി ക്ലബ് പ്രസിഡന്റ്, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഭാരവാഹി, വെല്ലൂർ മെഡിക്കൽ കോളേജ്, കോലഞ്ചേരി എം.ഒ.എസ്.സി. മെഡിക്കൽ കോളേജ്, സെന്റ് പീറ്റേഴ്സ് കോളേജ് എന്നിവിടങ്ങളിലെ ഗവേണിംഗ് ബോർഡ് അംഗം എന്നീ നിലകളിൽ ഡോ. എ. വി. ഐസക് പ്രവർത്തിച്ചിട്ടുണ്ട്.

ഡോ. എ. വി. ഐസക്കിന്റെ നിര്യാണത്തോടെ കർമ്മോത്സുകനായ ഒരു ഭിഷഗ്വരനെയും ഒരു മികച്ച പൊതുപ്രവർത്തകനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു)

## III. സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ

നിയമസഭാ സെക്രട്ടറി (ശ്രീ. വി. കെ. ബാബുപ്രകാശ്): സർ, ചെങ്ങന്നൂർ അസംബ്ലി നിയോജകമണ്ഡലത്തിൽനിന്നും ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. സജി ചെറിയാൻ സത്യപ്രതിജ്ഞയ്ക്കായി സഭയിൽ സന്നിഹിതനായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സജി ചെറിയാൻ: സജി ചെറിയാൻ ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.

(സത്യപ്രതിജ്ഞയ്ക്കുശേഷം ബഹുമാനപ്പെട്ട അംഗം സ്വസ്ഥാനത്ത് ഉപവിഷ്ടനായി.)

## IV. ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: ശ്രീ. ബി. ഡി. ദേവസ്സി, ശ്രീമതി ഇ. എസ്. ബിജിമോൾ, ശ്രീ. കെ. എൻ. എ. ഖാദർ എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലേയ്ക്കുള്ള ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## V. അടിയന്തരപ്രമേയം

### കെവിന്റെ കൊലപാതകം

മി. സ്പീക്കർ: പോലീസിന്റെ അറിവോടെയും പിന്തുണയോടെയും കോട്ടയം ഗാന്ധിനഗർ സ്റ്റേഷൻ അതിർത്തിയിൽ നടന്ന കെവിൻ എന്ന യുവാവിന്റെ ദുരഭിമാനക്കൊലയുമായി ബന്ധപ്പെട്ട് നിയമവാഴ്ച പാലിക്കാൻ ഉത്തരവാദപ്പെട്ട പോലീസുതന്നെ നിയമലംഘകരായി മാറുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോട്ടയം അമലഗിരി കോളേജ് വിദ്യാർത്ഥിനിയും തെന്മല ഒറ്റക്കൽ സ്വദേശിനിയുമായ 20 വയസ്സുള്ള നീനു ചാക്കോ എന്ന പെൺകുട്ടിയെ 24-5-2018-ന് കാണാതായതായി പിതാവ് ചാക്കോ കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നു. 25-5-2018-ന് നീനു ചാക്കോ കോട്ടയം എസ്.എച്ച്. മൗണ്ട് സ്വദേശി കെവിൻ പി. ജോസഫിനോടൊപ്പം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ ഹാജരായി 'താൻ കെവിൻ പി. ജോസഫിനോടൊപ്പം ജീവിക്കാൻ സ്വന്തം ഇഷ്ടപ്രകാരം പോകുന്നു'

LIBRARY ARCHIVES Kerala Legislative Assembly